# ‘രക്ഷാകരമായ ദൈവകൃപ’

## തീത്തോസ് 2:11

“ സകലമനുഷ്യർക്കും രക്ഷാകരമായ ദൈവകൃപ ഉദിച്ചുവല്ലോ;”

3 അദ്ധ്യായങ്ങളുള്ള തീത്തോസിന്റെ ലേഖനത്തിൽ ഒരു ദൈവപൈതലിന്റെ ജീവിതം എപ്രകാരം ക്രമീകരിക്കണം എന്നും അതിന്റെ ആവശ്യകത/പ്രാധാന്യം എന്തെന്നുമുള്ള ചില മാർഗ്ഗനിർദ്ദേശങ്ങൾ പൗലോസ് തീത്തോസിലൂടെ ക്രേത്തക്കാർക്കു കൈമാറുന്നതായി കാണാം. മേൽപറഞ്ഞ വാക്യം കഴിഞ്ഞ് തുടർന്ന് വായിച്ചാൽ കാണാം ഈ രക്ഷാകരമായ ദൈവകൃപ നമുക്ക് നൽകിയിരിക്കുന്നത് എന്തിന്നു വേണ്ടിയാണെന്ന്. നമുക്ക് ഭാഗ്യകരമായ പ്രത്യാശെക്കായിട്ടും മഹാദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷതെക്കായിട്ടും കാത്തുകൊണ്ടു ഭക്തികേടും പ്രപഞ്ചമോഹങ്ങളും വർജ്ജിച്ചിട്ടു ഈ ലോകത്തിൽ സുബോധത്തോടും നീതിയോടും ദൈവഭക്തിയോടും കൂടെ ജീവിച്ചുപോരേണ്ടതിന്നു അതു നമ്മെ ശിക്ഷിച്ചു വളർത്തുന്നു. ഇപ്രകാരം ശിക്ഷണം ലഭിക്കുമ്പോൾ നാം ഒന്നു ഓർത്തുകൊൾക അവൻ നമ്മെ സകല അധർമ്മത്തിൽ നിന്നും വീണ്ടെടുത്തു സൽപ്രവൃത്തികളിൽ ശുഷ്കാന്തിയുള്ളൊരു സ്വന്തജനമായി തനിക്കു ശുദ്ധീകരിക്കേണ്ടതിന്നു തന്നെത്താൻ നമുക്കുവേണ്ടി കൊടുത്തു. ഇതാണ് മേൽപറഞ്ഞ രക്ഷാകരമായ ദൈവകൃപ. ദൈവത്തിന്റെ പരിശുദ്ധിക്കൊത്തവണ്ണം നമ്മുടെ ജീവിതത്തെ ഏറ്റവും വിശുദ്ധിയിൽ ക്രമപ്പെടുത്തുക എന്നതാണ് ഈ ദൈവകൃപ കൊണ്ടുദ്ദേശിക്കുന്നത്. അത് നമുക്ക് സാധ്യമാക്കിത്തരുന്നത് നമ്മിൽ വസിക്കുന്ന ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം മൂലമാണ്.

റോമർ 3:23–26 വായിക്കുമ്പോൾ അവിടെ പറയുന്നു “ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്തു ദൈവതേജസ്സു ഇല്ലാത്തവരായിത്തീർന്നു. അവന്റെ കൃപയാൽ ക്രിസ്തുയേശുവിങ്കലെ വീണ്ടെടുപ്പുമൂലം സൗജന്യമായത്രേ നീതീകരിക്കപ്പെടുന്നതു. വിശ്വസിക്കുന്നവർക്കു അവൻ തന്റെ രക്തം മൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിറുത്തിയിരിക്കുന്നു. ദൈവം തന്റെ പൊറുമയിൽ മുൻകഴിഞ്ഞ പാപങ്ങളെ ശിക്ഷിക്കാതെ വിടുകനിമിത്തം തന്റെ നീതിയെ പ്രദർശിപ്പിപ്പാൻ, താൻ നീതിമാനും യേശുവിൽ വിശ്വസിക്കുന്നവനെ നീതീകരിക്കുന്നവനും ആകേണ്ടതിന്നു ഇക്കാലത്തും തന്റെ നീതിയെ പ്രദർശിപ്പിപ്പാൻ തന്നേ അങ്ങനെ ചെയ്തതു.”

റോമർ 5:8–9 ൽ പറയുന്നു “ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നേ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു. അവന്റെ രക്തത്താൽ നീതീകരിക്കപ്പെട്ടശേഷമോ നാം അവനാൽ എത്ര അധികമായി കോപത്തിൽ നിന്നു രക്ഷിക്കപ്പെടും.’’

ഇവിടെ രണ്ടിടത്തും പറഞ്ഞുവെയ്ക്കുന്നത്, നാം രക്ഷിക്കപ്പെട്ടുകഴിഞ്ഞപ്പോൾ നമ്മുടെ ജീവിതത്തിന്നു ആകമാനം ഒരു മാറ്റം സംഭവിച്ചു, അത് നിത്യ മരണത്തിന്റെയും നരകത്തിന്റെയും താഴ്വരയിൽ ആയിരുന്ന നമ്മെ നിത്യജീവനിലേക്ക് കരം പിടിച്ചുയർത്തി എന്നുള്ളതുതന്നെ. അതു വചനത്തിൽ കർത്താവു തന്നെ പറയുന്നുണ്ട്. “ആമേൻ, ആമേൻ, ഞാൻ നിങ്ങളോട് പറയുന്നു: എന്റെ വചനം കേട്ടു എന്നെ അയച്ചവനെ വിശ്വസിക്കുന്നവന്നു നിത്യജീവൻ ഉണ്ടു; അവൻ ന്യായവിധിയിൽ ആകാതെ മരണത്തിൽ നിന്നു ജീവങ്കലേക്കു കടന്നിരിക്കുന്നു.’’ (യോഹന്നാൻ 5:24). അങ്ങനെ നമ്മെ നിത്യജീവങ്കലേക്കു നയിക്കുന്ന ഈ ദൈവകൃപ തന്നെ നമ്മുടെ ജീവിതം എപ്രകാരം നയിക്കണം എന്നുള്ളതും നമ്മെ പഠിപ്പിക്കുന്നു. ദൈവകൃപയാൽ രക്ഷയിലേക്ക് വന്ന നാമോരോരുത്തരും പിന്നീട് ആ ദൈവകൃപയിൽ തന്നെ ജീവിതം മുന്നോട്ട് കൊണ്ടുപോവാൻ ശ്രമിക്കണം. അവിടെ നാം വീണ്ടും പാപം ചെയ്യുന്നില്ല എന്നു നമുക്ക് പറയുവാൻ സാധ്യമല്ല. കാരണം വചനം തന്നെ പറയുന്നുണ്ട് “നമുക്ക് പാപം ഇല്ല എന്നു നാം പറയുന്നു എങ്കിൽ നമ്മെത്തന്നേ വഞ്ചിക്കുന്നു; സത്യം നമ്മിൽ ഇല്ലാതെയായി. നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു. നാം പാപം ചെയ്തിട്ടില്ല എന്നു പറയുന്നുവെങ്കിൽ അവനെ അസത്യവാദിയാക്കുന്നു; അവന്റെ വചനം നമ്മിൽ ഇല്ലാതെയായി’’ (1 യോഹന്നാൻ 1:8–10).

വാസ്തവത്തിൽ രക്ഷാകരമായ ദൈവകൃപ ജീവിതത്തിൽ ഉദിച്ച ഒരു ദൈവപൈതലിന്റെ ജീവിതം എപ്പോഴും ദൈവപ്രസാദമുള്ളതു ചെയ്യുന്നതിൽ ഉത്സാഹം കാണിക്കുന്നതായിരിക്കും. അവിടെ ദൈവീകതയല്ലാത്ത ഒരു കാര്യത്തിന്നും സ്ഥാനം കാണുകയില്ല. ദൈവത്തോടും അവന്റെ വചനത്തോടും കൂടിയ ഒരു ജീവിതമായിരിക്കും. ലോകപരമായ ഇമ്പങ്ങളിൽ നിന്നും വേറിട്ടു നിൽക്കുന്ന ഒരു ജീവിതം. അവിടെ മോഹത്തിനോ യാതൊരുവിധമായ സ്ഥാനമാനങ്ങൾക്കോ ഒന്നിനും പ്രാധാന്യം ഉണ്ടാവില്ല, മറിച്ച് ദൈവത്തിന്റെ ആത്മാവിന്റെ ഫലങ്ങൾ നിരന്തരം പുറപ്പെടുവിച്ചുകൊണ്ടിരിക്കും (ഗലാത്യർ 5:22–23). അപ്രകാരം ദൈവത്തിന്റെ ആത്മാവ് ജീവിതത്തിൽ പ്രവർത്തിക്കുന്ന ഒരു ദൈവപൈതലിന്റെ ജീവിതം എന്നു പറയുന്നത്

മേൽപറഞ്ഞതുപോലെ നിത്യമരണത്തിൽ നിന്നു നിത്യജീവനിലേക്കു നടന്നു കയറുന്നതായിരിക്കും. അപ്രകാരം രക്ഷാകരമായ ദൈവകൃപ നമ്മുടെ ജീവിതത്തിൽ ഉദിക്കുവാനും അത് നമ്മെ ദൈവത്തിന്റെ ആത്മാവിന്റെ നിയന്ത്രണത്തിലാക്കി നിത്യമായ ജീവനിലേക്ക് അടുപ്പിക്കുവാനും ഇടയാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

**പരാമർശം:**
1 തിമോഥെയോസ് 6:11–12

"നീയോ ദൈവത്തിന്റെ മനുഷ്യനായുള്ളോവേ, അതു വിട്ടോടി നീതി, ഭക്തി, വിശ്വാസം, സ്നേഹം, ക്ഷമ, സൗമ്യത എന്നിവയെ പിന്തുടരുക. വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക, നിത്യജീവനെ പിടിച്ചുകൊൾക; അതിനായി നീ വിളിക്കപ്പെട്ടു അനേകം സാക്ഷികളുടെ മുമ്പാകെ നല്ല സ്വീകാരം കഴിച്ചുവല്ലോ."

**ബ്രദർ. ബിനു ബേബി ആലപ്പുഴ 090**